പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 124

# 2018-ലെ കേരള-ആരാധനാലയങ്ങളോട് അനുബന്ധിച്ചുള്ള രാഷ്ട്രീയ-സംഘടനാ പ്രവർത്തനം നിയന്ത്രിക്കൽ ബിൽ

(ശ്രീ. റ്റി. വി. രാജേഷ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

421/2018.

# 2018-ലെ കേരള-ആരാധനാലയങ്ങളോട് അനുബന്ധിച്ചുള്ള രാഷ്ട്രീയ-സംഘടനാ പ്രവർത്തനം നിയന്ത്രിക്കൽ ബിൽ

(ശ്രീ. റ്റി. വി. രാജേഷ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്തെ വിവിധ ജാതി മതസ്ഥരുടെ ആരാധനാലയങ്ങളോട് അനുബന്ധിച്ചുള്ള ആരാധനാലയ ഭരണ സമിതികളും ആരാധനാലയ ജീവനക്കാരുടെ, സംഘടനകളും ഒഴികെ മത-രാഷ്ട്രീയ സംഘടനാ പ്രവർത്തനങ്ങൾമൂലം സമൂഹത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ തടയുകയും ആരാധനാലയങ്ങളിൽ വിശ്വാസികൾക്ക് നിർഭയവും, സുരക്ഷിതവുമായ അന്തരീക്ഷം നിലനിർത്തുന്നതിനുമാവശ്യമായ വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥത്തെ വിവിധ ജാതി-മതസ്ഥരുടെ ആരാധനാലയങ്ങളോട് അനുബന്ധിച്ചുള്ള ആരാധനാലയ ഭരണ സമിതികളും, ആരാധനാലയ, ജീവനക്കാരുടെ, അംഗീകൃത സംഘടനകളും ഒഴികെ മത-രാഷ്ട്രീയ സംഘടനകളുടെ പ്രവർത്തനങ്ങൾമൂലം സമൂഹത്തിനുണ്ടാകുന്ന അസ്വസ്ഥതകളും, പ്രശ്നങ്ങളും ഒഴിവാക്കപ്പെടേണ്ടതും, ആരാധനാലയങ്ങളുടെ പവിത്രതയും പരിശുദ്ധിയും നിലനിർത്തുകയും വിശ്വാസികൾക്ക് ഭക്തിനിർഭരവും, സുരക്ഷിതവുമായ അന്തരീക്ഷം പ്രദാനം ചെയ്യുന്നതിനുമായി ഒരു നിയമം ഉറപ്പ് വരുത്തേണ്ടത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ കേരള-ആരാധനാലയങ്ങളോട് അനുബന്ധിച്ചുള്ള രാഷ്ട്രീയ-സംഘടനാ പ്രവർത്തനം നിയന്ത്രിക്കൽ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടൻ പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടുന്ന പക്ഷം,—

(എ) "ആരാധനാലയങ്ങൾ " എന്നാൽ കേരള സംസ്ഥാനത്തുള്ളതും വിവിധ ജാതി-മത വിഭാഗങ്ങളിലെ വിശ്വാസികൾ അവരുടെതായ വിശ്വാസങ്ങളും ആചാര-അനുഷ്ഠാനങ്ങളും നിലനിർത്തുന്നതിനായും ആത്മീയ പ്രവർത്തനങ്ങൾക്കുമായും ഉപയോഗിക്കുന്ന ആരാലും ആദരവോടെ കാണുന്ന ഏതൊരു പ്രവർത്തനാലയവും എന്നർത്ഥമാകുന്നു;

(ബി) "വിവിധ ജാതി മതസ്ഥർ " എന്നാൽ ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന എല്ലാ ജാതി മത വിഭാഗങ്ങളുടെയും (മുന്നോക്ക-പിന്നോക്ക ജന വിഭാഗങ്ങൾ, ദളിതർ, മതന്യൂനപക്ഷങ്ങൾ, ഭാഷാ ന്യൂനപക്ഷങ്ങൾ തുടങ്ങി ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്നതും, സംസ്ഥാനത്ത് നിലവിലുള്ളതുമായ വിവിധ ജാതി മതസ്ഥരുടെ) എന്ന് അർത്ഥമാകുന്നു.

(സി) "ആരാധനാലയ ഭരണ സമിതികൾ " എന്നാൽ,—

(i) സംസ്ഥാനത്തെ ക്ഷേത്രങ്ങളുടെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനും വിശ്വാസികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും ക്ഷേത്രവും, ക്ഷേത്രവക സ്വത്തും സ്ഥാപനങ്ങളും സംരക്ഷിക്കുന്നതിനും ഭരണം നടത്തുന്നതിനും കാലാകാലങ്ങളിൽ വ്യവസ്ഥാപിത മാർഗ്ഗത്തിലൂടെ തെരഞ്ഞെടുക്കപ്പെട്ട സമിതികളും;

(ii) സംസ്ഥാനത്തെ ക്രിസ്ത്യീയ വിശ്വാസികളുടെ നിയന്ത്രണത്തിൽ വരുന്ന ചർച്ചുകൾ, അനുബന്ധ പ്രാർത്ഥനാലയങ്ങൾ, അനുബന്ധസ്ഥാപനങ്ങൾ, വസ്തുവകകൾ എന്നിവയുടെ സംരക്ഷണത്തിനും, ഭരണം നടത്തുന്നതിനുമായി അതത് വിശ്വാസസമൂഹം തെരഞ്ഞെടുക്കുന്ന ഇടവക ഭരണസമിതികളും, പ്രാർത്ഥനാസമൂഹവും;

(iii) സംസ്ഥാനത്തെ മുസ്ലീം മതവിശ്വാസികളുടെ നിയന്ത്രണത്തിൽ വരുന്ന മഹല്ല് കമ്മിറ്റികളും, അനുബന്ധ ആരാധനാലയങ്ങളും വഖഫ് ബോർഡും അവയുടെ സ്ഥാപനങ്ങളും, വസ്തുവകകളുടെ സംരക്ഷണവും, ഭരണവും നടത്തുന്നതിനായി അതത് വിശ്വാസികൾ തെരഞ്ഞെടുക്കുന്ന മഹല്ല് കമ്മിറ്റികളും-അനുബന്ധ സ്ഥാപനങ്ങളുടെ ഭരണസമിതികളും;

(iv) സംസ്ഥാനത്തെ ദേവസ്വം ബോർഡിന്റെയും വഖഫ് ബോർഡിന്റെയും വിവിധ സഭകളുടെയും വിവിധ ട്രസ്റ്റുകളുടെയും, മറ്റും നിയന്ത്രണത്തിലുള്ളതുമായ ആരാധനാലങ്ങളിലെയും നടത്തിപ്പിനായി അതത് സ്ഥാപനങ്ങളുടെ വ്യവസ്ഥാപിത നിയമാവലികൾക്ക് വിധേയമായി തെരഞ്ഞെടുക്കപ്പെടുന്ന സമിതികളും ; എന്ന് അർത്ഥമാകുന്നു.

3. പരാതിയും പരിഹാര മാർഗ്ഗങ്ങളും.—(എ) ആരാധനാലയങ്ങളോട് ചേർന്ന് അനാരോഗ്യകരമായ സംഘം ചേരലും, സംഘടനാപ്രവർത്തനം നടത്തുകയും, ആത്മീയാന്തരീക്ഷത്തിനും, പൊതുസമൂഹത്തിനും ദോഷകരമാവുകയും ചെയ്യുന്നതായി ഏതെങ്കിലും ആരാധനാലയ ഭരണകർത്താക്കൾക്കോ, വിശ്വാസികൾക്കോ, പൊതുപ്രവർത്തകർക്കോ അറിയാനിടയായാൽ അവർ ആ വിവരം തൊട്ടടുത്തുള്ള പോലീസ് സ്റ്റേഷനിൽ രേഖാമൂലമോ, അല്ലാതെയോ അറിയിക്കേണ്ടതും, പോലീസിന് നേരിട്ട് ബോധ്യമാവുകയും ചെയ്താൽ അവർക്ക് നിയമാനുസൃതമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ പരാതി ലഭിക്കുകയോ പോലീസിന്റെ ശ്രദ്ധയിൽപ്പെടുകയോ ചെയ്താൽ പോലീസ് അതിൻമേൽ നിയമനടപടികൾ സ്വീകരിക്കേണ്ടതാണ്.

(സി) ലഭ്യമാകുന്ന പരാതികൾ കെട്ടിച്ചമച്ചതോ, വ്യാജമോ അല്ലായെന്ന് ഉറപ്പ് വരുത്തുവാൻ ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

4. നിയമം ദുരുപയോഗം ചെയ്യുന്നത് തടയൽ.—(എ) ഈ നിയമപ്രകാരം തന്നിൽ അർപ്പിക്കപ്പെട്ട അധികാരം ദുരുപയോഗം ചെയ്യുന്ന ഏതൊരു ഉദ്യോഗസ്ഥനെയും ഒരു വർഷം വരെ തടവിനും, 10,000 രൂപ വരെ പിഴയ്ക്കും ശിക്ഷിക്കാവുന്നതാണ്.

(ബി) അവശ്യമെന്ന് തോന്നിയാൽ പരാതിയും പരാതിക്കാരനെ സംബന്ധിച്ചുമുള്ള വിവരങ്ങളും, പോലീസിന് രഹസ്യമാക്കി വയ്ക്കാവുന്നതും, പരാതിക്കാരൻ/പരാതിക്കാരിക്ക് ആവശ്യമായ സംരക്ഷണം ഉറപ്പാക്കേണ്ടതും അന്വേക്ഷണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്.

5. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(എ) സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുവേണ്ട ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(ബി) ഇപ്രകാരമുള്ള ചട്ടങ്ങൾ ഉണ്ടാക്കികഴിഞ്ഞയുടനെ അടുത്ത നിയമസഭാ സമ്മേളനത്തിൽ സമർപ്പിക്കേണ്ടതാണ്. നിയമസഭയുടെ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രസ്തുത ചട്ടം നിയമസഭ നിരാകരിച്ചാൽ നടപ്പിലാക്കാൻ പാടുള്ളതല്ല. സർക്കാരിന് ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് നിലവിലുള്ള ഉദ്യോഗസ്ഥർക്ക് അധികാരം ഏൽപ്പിച്ചു കൊടുക്കുന്നതിനും അധികചുമതലകൾ നൽകുന്നതിനും അധികാരമുണ്ടായിരിക്കും.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല. എന്നാൽ കുറ്റക്കാർക്കെതിരെ ചുമത്തുന്ന പിഴ സർക്കാരിന് വരുമാനമുണ്ടാക്കുകയും ചെയ്യും.

## ഏൽപ്പിച്ച് കൊടുക്കുന്ന നിയമ നിർമ്മാണം സംബന്ധിച്ച മെമ്മോറാണ്ടം

ഈ ബിൽ നിയമമാകുന്ന മുറയ്ക്ക് ബില്ലിന്റെ വകുപ്പ് '5' പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്ടിനനുസരിച്ചുണ്ടാക്കുന്ന ചട്ടങ്ങൾ സഭയുടെ മുമ്പാകെ വയ്ക്കുന്നതിനും സഭയ്ക്ക് അത് ഭേദഗതി വരുത്തുന്നതിനും, റദ്ദാക്കുന്നതിനും അധികാരം ഉണ്ടായിരിക്കുന്നതുമാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുക്കപ്പെടുന്ന നിയമ നിർമ്മാണധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

മാനവികതയും ബഹുസ്വരതയും കേളി കേട്ട നാടാണ് നമ്മുടെ കൊച്ചുകേരളം. വ്യത്യസ്ത ജാതി-മത-സമുദായ സംഘടനകളുടെ കീഴിൽ ധാരാളം ആരാധനാലയങ്ങളിൽ അവരവരുടെ അചാരാനുഷ്ഠാനങ്ങൾ ഭംഗിയായും, ഭംഗംവരാതെയും നടന്നുവരികയായിരുന്നു. വിവിധ മതസ്ഥർ ഒന്നിച്ചുചേർന്നുള്ള ആരാധനാകേന്ദ്രങ്ങളും ആഘോഷങ്ങളും നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേകതയാണ്. ഒരേ കോമ്പൗണ്ടിലോ തൊട്ടടുത്ത സ്ഥലങ്ങളിലോ ഒത്തുചേർന്നുള്ള ആഘോഷങ്ങൾ മത സൗഹാർദ്ദത്തിന്റെ ഉത്തമ മാതൃകകളും കേരളത്തിന്റെ സവിശേഷതയുമാണ്.

എന്നാൽ അടുത്തകാലത്തായി സമാധാനവും സൗഹാർദ്ദപരവുമായ അന്തരീക്ഷം നിലനിന്നിരുന്ന നമ്മുടെ ആരാധനാലയങ്ങളെ ദുരുപയോഗം ചെയ്യാനായി ചില മതവർഗ്ഗീയ-തീവ്രവാദ സംഘടനകൾ പലവിധ തന്ത്രങ്ങളും പ്രയോഗിച്ചുവരികയാണ്. വിശ്വാസത്തിന്റെ പേരിൽ തങ്ങളുടെ താത്പര്യം സംരക്ഷിക്കുന്നതിനായി ഇവർ ആരാധനാലയങ്ങളെ മറയാക്കി സംരക്ഷണ സമിതികളും മറ്റുമുണ്ടാക്കി ആരാധനാലയങ്ങളോടനുബന്ധിച്ച് ഓഫീസും മറ്റ് കേന്ദ്രങ്ങളും സ്ഥാപിച്ച് വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്നതായി കാണാൻ കഴിയുന്നു. ഇത് ആരാധനാലയങ്ങളുടെ ആത്മീയ അന്തരീക്ഷവും നാടിന്റെ സൗഹാർദ്ദവും സമാധാനവും തകർക്കാനിടയാവുകയും ചെയ്യുന്നു.

ആയതിനാൽ ആരാധനാലയ ഔദ്യോഗിക ഭരണ സംവിധാനവും, ആരാധനാലയ ജീവനക്കാരുടെ അംഗീകൃത സംഘടനകളും ഒഴികെ, മത-രാഷ്ട്രീയ തീവ്രവാദ സംഘടനകളുടേയും, അവരുടെ പോഷകസംഘടനകളുടെയും പ്രവർത്തനങ്ങൾമൂലം സമൂഹത്തിനുണ്ടാകുന്ന അസ്വസ്ഥതകളും പ്രശ്നങ്ങളും ഒഴിവാക്കപ്പെടേണ്ടതിനാലും, വ്യവസ്ഥാപിത രാഷ്ട്രീയ പാർട്ടികളുടെയോ അവയുടെ പോഷക സംഘടനകളുടെയോ പ്രവർത്തനം ആരാധനാലയങ്ങളിലോ അതുമായി ബന്ധപ്പെട്ട വസ്തുവകകളിലോ അനുവദിക്കപ്പെടുന്നതുമൂലം സമൂഹത്തിനുണ്ടാകുന്ന അനാരോഗ്യകരവും, സാമുദായികസ്പർദ്ധ ഉളവാക്കുന്നതുമായ പ്രവണതകൾ തടയുന്നതിനും ആരാധനാലയങ്ങൾ സങ്കുചിത-വർഗ്ഗീയ-തീവ്രവാദ-രാഷ്ട്രീയ താത്പര്യങ്ങൾക്കുവേണ്ടി ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനുമുള്ള നിയമം സംസ്ഥാനത്ത് അനിവാര്യമായി വന്നതിനാലും ഒരു നിയമ നിർമ്മാണത്തിന്റെ ആവശ്യകതയിലേക്ക് എത്തിച്ചേരാൻ ഇടയായത്.

 റ്റി. വി. രാജേഷ്, എം.എൽ.എ.